13

# ഉപവാസം, 2

ഉപവാസത്തെകുറിച്ചു ബൈബിൾ പഠിപ്പിക്കുന്നു്. അതു ചെറിയ ഒരു അടിക്കുറിപ്പല്ല; അതു വിശ്വാസത്തിന്റെ ആഴത്തിലുള്ള പ്രസ്താവനയാണ്. ഉപവാസത്തെകുറിച്ചു തിരുവെഴുത്തിൽ ചുരുങ്ങിയതു 78 പ്രാവശ്യം പറഞ്ഞിട്ടു്. 30 പ്രാവശ്യത്തിലധികം പുതിയനിയമത്തിലുള്ളതുകൊ്, ഉപവാസത്തെ ഒരു പഴയനിയമപരിശീലനമായി തരംതാഴ്ത്തി പറയാവുന്നതല്ല. നാല്പതു ദിവസം ഉപവസിച്ച മൂന്നുപേരായ യേശുവും, മോശെയും, ഏലിയാവും മറുരൂപമലയിൽ ഒന്നിച്ചായിരുന്നു എന്നത് നമ്മെ ആകർഷിക്കുന്നതാണ്. ഉപവാസത്തെകുറിച്ചു പറയുമ്പോൾ മോശെ ഉപവസിച്ചതായിരുന്നു ആദ്യത്തെ രേഖ. ദാവീദും, നെഹെമ്യാവും, ദാനിയേലും, യെഹൂദന്മാരും, യോഹന്നാൻ സ്നാപകനും, യേശുവും, പൗലൊസും ഉപവസിച്ചിരുന്നു. അത്രയും ആത്മിയ പ്രാധാന്യമുള്ള ഒന്നിനെ ഇന്നു നമുക്ക് എങ്ങനെ അവഗണിക്കുവാൻ കഴിയും?

സ്വയം-ത്യജിക്കൽ പരിശീലിക്കുന്നതാണ് ഉപവാസം. നാം സ്വ-യേഛ പ്രോൽസാഹിപ്പിക്കുകയാണ്. ആധുനിക മനസുകേന്ദ്രീകരിച്ചിരിക്കുന്നതിന് എതിരാണ് അച്ചടക്കവും, ത്യജിക്കലും, ത്യാഗവും, കഷ്ടതയും. ഉപവാസം സാധാരണ ആഹാരത്തിന്റെ സന്ദർഭവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏദെനിലെ ആദ്യ തിന്നൽ അവകാശം വിട്ടു കൊടുക്കുന്നതാണ് ഉപവാസം. വിവാഹത്തിലും മുൻഗണന കൊടുക്കാവുന്ന ഒന്നാണ് ഉപവാസം (1 കൊരിന്ത്യർ 7). ദൈവവുമായ ബന്ധത്തിൽ യിസഹാക്ക് പോലും അവനു തടസമാകരുത് എന്നു അബ്രഹാം പഠിക്കേയിരുന്നു (ഉല്പത്തി 22). ഏറ്റവും അടുത്ത ബന്ധത്തിനു തടസമായ എന്തും ഉപേക്ഷിക്കുന്നതാണ് ഉപവാസം. ദൈവത്തിനും നിങ്ങൾക്കും മദ്ധ്യേ എന്താണുള്ളത്? ഇന്നു നമ്മുടെ ലോകത്തിന്റെ പ്രശ്നം *ഉ ാ കു വാൻ വേ ി ഉ ാ കു ന്ന താ ണ്* അല്ലാതെ *ഉ ാ ക ൽ* അല്ല.

പ്രായശ്ചിത്ത ദിവസം ആയ ... ഉപവാസ ദിവസം ... എന്ന ഏക ഉപവാസമാണ് മോശെയുടെ ന്യായപ്രമാണത്തിൽ പറഞ്ഞിട്ടുള്ളത് (ലേവ്യാപുസ്തകം 23:26–32; സംഖ്യാപുസ്തകം 29:7–11). അതനുസരിക്കാത്തവർ ഛേദിക്കപ്പെടുമായിരുന്നു. യെഹൂദന്മാർ അവരുടെ പുറപ്പാട് ഓർമ്മിക്കുവാൻ സംവൽസരം തോറും ഓരോ ആഴ്ച്ച വീടുകളിൽ നിന്നു മാറി കൂടാരങ്ങളിൽ പാർത്തിരുന്നതു, ഇതിനു സമമാണ്. ശൗൽ രാജാവു മരിച്ചപ്പോൾ യിസ്രായേൽ ഒരാഴ്ച്ച ഉപവസിക്കയുായി (1 ശമുവേൽ 31:13). യിസ്രായേലിനെ രക്ഷിക്കുവാൻ എസ്ഥേർ ഉപവസിച്ചു. ദാനിയേൽ വിചിത്രമായ ഉപവാസം നടത്തുകയും ആകസ്മികമായ വിപത്ത് ദർശിക്കുകയും ചെയ്തു. ഹന്നയും പ്രായം ചെന്നപ്പോൾ ഉപവസിക്കയുായി (ലൂക്കൊസ് 2:36–38). ഉപവാസശേഷമാണ് ആദ്യ മിഷ്ണറി പ്രവർത്തനം ആരംഭിക്കുന്നത് (പ്രവൃത്തികൾ 13:1–3). ഉപവസിച്ച ശേഷമായിരുന്നു മൂപ്പന്മാരെ നിയമിച്ചിരുന്നത് (പ്രവൃത്തികൾ 14:23). ജാതികളിൽനിന്നു ആദ്യമായി പരിവർത്തനം ചെയ്ത, കൊർന്നെല്യോസ്, ഉപവസിച്ചിരുന്നു (പ്രവൃത്തികൾ 10). പൗലൊസ് പലപ്പോഴും ഉപവാസത്തിലായിരുന്നു (2 കൊരിന്ത്യർ 6:5; 11:27).

തിരുവെഴുത്തിൽ ഉപവാസം ദുരുപയോഗം ചെയ്തതായി പറയുന്നു്. യെശയ്യാവ് 58 വായിച്ച് പഠിക്കുക. ഉപവാസത്തെ സംബന്ധിച്ചുള്ള നന്മയും തിന്മയും ദൈവം പഠിപ്പിച്ചിട്ടു്. നാം ഉപവസിക്കുവാൻ യേശു ആഗ്രഹിച്ചിട്ടുന്നെു, തോന്നുന്നു. നിങ്ങൾ ഉപവസിക്കു*മെങ്കിൽ,* എന്നല്ല യേശു പറഞ്ഞത്, നിങ്ങൾ ഉപവസിക്കു*മ്പോൾ* എന്നാണ് അവൻ പറഞ്ഞത് (മത്തായി 6:16; എംഫസിസ് മൈൻ). എങ്ങനെയായാലും, മനുഷ്യരെ കാണിക്കുന്നതിനുള്ള ഉപവാസത്തെ യേശു ഖണ്ഡിക്കുകയുായി. പരീശന്മാർ ആഴ്ച്ചയിൽ രുവട്ടം ഉപവസിച്ചിരുന്നു (തിങ്കളാഴ്ച്ചയും വ്യാഴാഴ്ച്ചയും). ലൂക്കൊസ് 18 നോക്കുക. ഉപവാസത്തെ ഒരു ചടങ്ങായി ഉപയോഗിക്കുന്നതിനെ യേശു അംഗീകരിക്കയോ പരിശീലിക്കയോ ചെയ്തിരുന്നില്ല. അവൻ അവയെ തീക്ഷ്ണമായി വിലക്കിയിരുന്നു. സ്വയ-നീതീകരണ പ്രദർശനത്തെ യേശു വെറുത്തിരുന്നു.

ഉപവാസത്തിനു ഉപയോഗിച്ചിരിക്കുന്ന എബ്രായ വാക്കിന്റെ അക്ഷരിക അർത്ഥം ഒരാളെ താഴ്ത്തുവാൻ, ദുഃഖാവസ്ഥയിൽ വായ് മൂടുക എന്നാണ്. അതുകൊ്, ഉപവാസം സന്തോഷത്തിനുവേിയുള്ളതല്ല, ദുഃഖത്തിനുവേിയുള്ളതാണ്. അതു പശ്ചാത്താപവും, നമ്മുടെ സ്വയ-നിയന്ത്രണവും, അത്യാവശ്യവുമാണ്. പഴയനിയമത്തിൽ ഉപവാസ ത്തിന്റെ പ്രാധാന്യം പശ്ചാത്താപമായിരുന്നു. പാപം, ആവശ്യം, മരണം, ആപത്ത് എന്നിവ ഉപവാസത്തിനു പ്രേരിപ്പിക്കുന്നു. പുതിയനിയമത്തിൽ ഉപവാസത്തിന്റെ പ്രാധാന്യം മുൻഗണനാക്രമത്തിലുള്ളതാണ്. ഉദാരതയുള്ളവർക്ക് ഇന്ന് അച്ചടക്കവും, സമർപ്പണവും, ത്യാഗവും ആവശ്യമാണ്. ആത്മീയതയുടെ ഏറ്റവും ആഴത്തിലുള്ള പ്രകടനമായിരിക്കാം ഉപവാസം. തീർച്ചയായും, ഉപവാസം താഴ്ത്തും!

ഒരു വലിയ പാപിയായിരുന്ന, ദാവീദ്, ദൈവത്തിനു ബോധിച്ച [ദൈവത്തിന്റേതു] ഹൃദയമുള്ളവനായിരുന്നു (പ്രവൃത്തികൾ 13:22). അവന്റെ ജീവിതം അത്ര സുഖകരമായിരുന്നില്ല. ദാവീദ് ഉപവാസത്താൽ തന്നെത്താൻ താഴ്ത്തി (സങ്കീർത്തനങ്ങൾ 35:13). അവൻ ഉപവാസത്താൽ തന്നെ അച്ചടക്കം വരുത്തി (സങ്കീർത്തനങ്ങൾ 69:10). തന്റെ ശരീരം ക്ഷീണിക്കത്തക്കവണ്ണം അവൻ ഉപവസിച്ചു (സങ്കീർത്തനങ്ങൾ 109:24). ദാവീദിന്റെ ജീവിതത്തിൽ കണ്ണുനീരുമുായിരുന്നു. യേശുവും കണ്ണുനീരൊഴുക്കിയിട്ടു് (എബ്രായർ 5:7). കണ്ണുനീരിൽ പണിതതായിരുന്നു പൗലൊസിന്റെ ശുശ്രൂഷയും (പ്രവൃത്തികൾ 20:19, 31). കർത്താവേ, കണ്ണുനീരോടുകൂടിയുള്ള ഞങ്ങളുടെ ശുശ്രൂഷയെ അനുഗ്രഹിക്കേണമേ.

മനോഭാവം ഒരു ശരിയായ പ്രവൃത്തിക്കു കാരണമായേക്കാം. അതുപോലെ, ശരിയായ പ്രവൃത്തി നല്ല മനോഭാവം വളർത്തിയേക്കാം. മുട്ടിന്മേൽ നിന്നാൽ നിങ്ങൾക്ക് കാലിൽ നില്ക്കാൻ സാധിക്കും. വിഷമസമയം നമ്മെ ഉപവസിക്കുവാൻ നിർബ്ബന്ധിച്ചേക്കാം. വിഷമ സമയം നേരിടുവാൻ ഉപവാസം നമ്മെ ഒരുക്കിയേക്കാം. പരിശീലനം കൂടാതെ പൂർണ്ണതയും, വേദന കൂടാതെ വിജയവും, യാത്ര കൂടാതെ സ്വർഗവും സാധ്യമല്ല. ബൈബിളിലെ ഉപവാസം നാം മനസിലാക്കി പരിശീലിക്കണം. ഉപവാസവും പ്രാർത്ഥനയും കൂടാതെ സഭയ്ക്കു വളർച്ചയും പക്വതയും ഉാവുകയില്ല.

# പ്രാർത്ഥിക്കുവാനുള്ള സമയം

## 1 തെസലൊനിക്യർ 5:17

*“ഇടവിടാതെ പ്രാർത്ഥിപ്പിൻ” (1 തെസലൊനിക്യർ 5:17).*

മറ്റെന്തു ചെയ്യുവാൻ പറഞ്ഞിരിക്കുന്നതിനെക്കാളും പ്രാർത്ഥനക്കുള്ള കൽപനകളാണ് ബൈബിളിൽ ഏറ്റവും കൂടുതൽ. മറ്റെന്തിനെക്കാളും കൂടുതൽ വാഗ്ദാനങ്ങൾ പ്രാർത്ഥനയെ സംബന്ധിച്ചാണ്. പ്രാർത്ഥിച്ചുകൊാണ് നിങ്ങൾ പ്രാർത്ഥിക്കുവാൻ ശീലിക്കുന്നത്. ക്രിസ്ത്യാനികളുടെ പ്രത്യേക നേട്ടവും മുഖ്യ പ്രവർത്തിയുമാണ് പ്രാർ ത്ഥന. പിന്നെ എന്തുകൊു നാം കൂടുതൽ പ്രാർത്ഥിക്കുന്നില്ല?

(1) നാം അതിൽ നല്ലവരല്ല. പ്രാർത്ഥന നിസ്സഹായതയുള്ളവർക്കുവേി മാത്രമുള്ളതാണ്. മറ്റുള്ളവരെല്ലാം ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന-വരും നാം അങ്ങനെയല്ലാത്തവരുമാണ് എന്ന് തീർച്ചപ്പെടുത്തുക എളുപ്പമാണ്. *ചോദ്യം:* നിങ്ങളുടെ പ്രവർത്തികൾ എങ്ങനെപോകുന്നു? ഞാൻ പലപ്പോഴും എന്റെ പ്രാർത്ഥനകൾ പറയാറു്, എന്നാൽ ഞാൻ എപ്പോഴെങ്കിലും പ്രാർത്ഥിച്ചിട്ടുോ? നിങ്ങളോ? നിങ്ങളുടെ ക്രിസ്തീയ നടപ്പിൽ നിങ്ങൾ തൃപ്തരാണോ?

(2) നാം പ്രാർത്ഥിക്കുവാൻ പദ്ധതി തയ്യാറാക്കുന്നില്ല. നാം വളരെ തിരക്കുള്ളവരാണ്. അടിസ്ഥാനപരമായി, നാം പ്രാർത്ഥിക്കാത്തതിന്റെ കാരണം അത് തിങ്ങിനിറഞ്ഞിരിക്കുന്നു എന്നതാണ്. നമുക്കു പ്രതികരിക്കുവാൻ ധാരാളം ആളുകളും സുഖപ്പെടുവാൻ ധാരാളം മുറിവുകളും ു്. അതുകൊ്, നമ്മുടെ ദുർബലമായ മനസ്സിൽ, പ്രാർത്ഥന ആവശ്യമല്ല, ആഡംബരമാണ്. അക്കാരണത്താൽ, നാം പ്രാർത്ഥിക്കുന്നത് ജോലിയിൽനിന്ന് ഒഴിവുകിട്ടുമ്പോഴോ അല്ലെങ്കിൽ റിട്രീറ്റുകളിലോ മാത്രമാണ്. പ്രാർത്ഥന പർവ്വതത്തിന്മേലും നടത്താം, എന്നാൽ അതിന്റെ ശക്തി തെരുവുകൾക്കുള്ളതാണ്. നാം പ്രാർത്ഥിക്കുവാൻ പദ്ധതി ഇടണം. നാം പ്രാർത്ഥിക്കുവാൻ ഒരുങ്ങണം. പ്രാർത്ഥിക്കുവാൻ നാം സമയം ഉാക്കണം! നമ്മുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യം നൽകേതു പ്രാർത്ഥനക്കാണെന്നു നമുക്കറിയാം, എങ്കിലും നാം അതിന് സമയം ഏർപ്പെടുത്തുവാൻ മടിക്കുന്നു. മാരകമായ മറ്റൊരു തെറ്റ് നാം ചെയ്യുന്നു്: നമ്മുടെ പ്രവർത്തികൾക്കുള്ള പദ്ധതി മുൻഗണനാക്രമത്തിൽ ആക്കുന്നത് ഒരു കാര്യം (തെറ്റ്); മുൻഗണനകൾ അനുസരിച്ച് നമ്മുടെ പ്രവർത്തികൾ തയ്യാറാക്കുന്നത് മറ്റൊരു കാര്യം. നിങ്ങൾ പ്രാർത്ഥിക്കുവാൻ തിരക്കുള്ളവരാണെങ്കിൽ, നിങ്ങൾ വളരെ തിരക്കിലാണ്.

(3) എന്തുകൊു നാം കൂടുതൽ പ്രാർത്ഥിക്കുന്നില്ല? പ്രാർത്ഥിപ്പാൻ സമയം വേിവരുന്നു എന്നതാണ് ഒന്നാമത്തെയും, വിഷമകരമായതും, ഏറ്റവും അത്യാവശ്യമായതുമായ കാര്യം! നിസ്സാരമാണോ? അതെ! എളുപ്പമാണോ? അല്ല! നിങ്ങൾ അതു എത്ര നന്നായി ചെയ്യുന്നു എന്നുള്ളതല്ല, നിങ്ങൾ അതു ചെയ്യുന്നുവോ എന്നതാണ് കാര്യം. അല്ലെങ്കിൽ, പ്രാർത്ഥന എന്നത് പാചകം ചെയ്യുന്നതിനുപകരം പാചകപുസ്തകം വായിക്കുന്നതുപോലെയേ വരൂ. നിങ്ങൾ പാചകപുസ്തകം പാചകം ചെയ്തു ഭക്ഷിക്കുന്നില്ല. *ആദ്യം*

*പ്രാർത്ഥിക്കുക!*

(4) നാം ദൈവത്തെ സംശയിക്കുന്നു. അവൻ നിങ്ങളുടെ പ്രാർത്ഥനകൾക്ക് മറുപടി നൽകും, എന്നാൽ എന്റെ പ്രാർത്ഥനക്കു മറുപടി നൽകുകയില്ല, എന്നു നാം കരുതും. നിരാശയോടെ ആളുകൾ എന്നോട് പറയാറു്, ഞാൻ അതിനെ കുറിച്ചു പ്രാർത്ഥിച്ചു, പക്ഷെ ഒന്നും സംഭവിച്ചില്ല. ഞാൻ അവരോടു ഉത്തരം പറയാറുള്ളത്, അതിൽ അസാധാരണമായ എന്താണുള്ളത്? നാം ദൈവത്തോട് ഉത്തരം പറയുന്നുവോ എന്നു തീർച്ചപ്പെടുത്തുന്നതിനുപകരം നാം ദൈവത്തിൽ നിന്ന് ഉത്തരം ആവശ്യപ്പെടുകയാണ്. പ്രാർത്ഥന പാഴായിപോയാൽ പ്രശ്നം ഉാകുന്നത് എല്ലായ്പ്പോഴും മനുഷ്യർക്കാണ്, അല്ലാതെ ദൈവത്തിനല്ല എന്ന് ഓർമ്മിക്കുക.

(5) മറ്റെല്ലാം പരാജയപ്പെടുമ്പോൾ പകരം എടുത്തുപയോഗിക്കാ വുന്ന ഒന്നല്ല പ്രാർത്ഥന. എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരവും എല്ലാ ആവശ്യങ്ങൾക്കുമുള്ള ഉറവിടവുമാണ് പ്രാർത്ഥന. ദൈവവചനം അതിന്റെ പ്രവൃത്തി ചെയ്യും; പ്രാർത്ഥന അതിന്റെ പ്രവൃത്തി ചെയ്യും. ഞാൻ ഒരു യുവ ഉപദേഷ്ടാവായിരുന്നപ്പോൾ, ക്രിസ്തുവിനെ കൂടാതെ എനിക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല എന്ന പദപ്രയോഗം തിരിച്ചറിയുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല (യോഹന്നാൻ 15:1-11). ഇപ്പോൾ ഞാൻ പ്രായമുള്ള ഒരു ഉപദേഷ്ടാവായി, അത് എന്റെ എല്ലാമായി തീർന്നു. യുവ ഉപദേഷ്ടാക്കന്മാരോട് പ്രസംഗിക്കുമ്പോൾ, ഞാൻ അവരോട് ബൈബിളിലെ നേട്ടങ്ങൾ നോക്കുവാൻ വെല്ലുവിളിക്കാറു്. അതവിടെ ഇല്ല. ക്രിസ്തുവിനെ കൂടാതെ, ഞാൻ ഒന്നുമല്ല എന്നു പഠിക്കുന്ന ദിവസം, ഒരു മഹത്തായ ദിവസമായിരിക്കും.

**ഒരു സമയം**

ബൈബിളിലെ പ്രമുഖ മനുഷ്യർ പ്രാർത്ഥിക്കുന്നവരായിരുന്നു. ബാബേലിൽ വെച്ച്, ദാനീയേൽ, തന്റെ ജനലുകൾ യെരുശലേമിനു നേരെ തുറന്നിട്ട്, മുട്ടുകുത്തി, ദിവസത്തിൽ മൂന്നുപ്രാവശ്യം സ്തോത്രത്തോടെ പ്രാർത്ഥിച്ചു (ദാനീയേൽ 6:10). സിംഹങ്ങൾ അവനെ തൊടുവാൻ മടിച്ചു! ദാവീദ് പ്രഭാതത്തിലും, ഉച്ചക്കും, വൈകുന്നേരവും ദിവസത്തിൽ മൂന്നുപ്രാവശ്യം പ്രാർത്ഥിച്ചു (സങ്കീർത്തനങ്ങൾ 55:17; 5:3). നെഹെമ്യാവു യെരുശലേമിനുവേി ഇടവിടാതെ പ്രാർത്ഥിച്ചിരുന്നു. മോശെ കൂടാരത്തിൽ ചെന്ന് പ്രാർത്ഥിപ്പാൻ ഒരുങ്ങിയപ്പോൾ, എല്ലാ യിസ്രായേല്യരും നോക്കിയിരുന്നു (പുറപ്പാട് 33:8). യേശു അതി കാലത്ത് എഴുന്നേറ്റ് പ്രാർത്ഥിച്ചിരുന്നു (മർക്കൊസ് 1:35), അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കുന്നതിനുമുൻപ് രാത്രി മുഴുവൻ പ്രാർത്ഥിച്ചു (ലൂക്കൊസ് 10:12-16), പന്തിരുവരുടെ മദ്ധ്യത്തിലും പ്രാർത്ഥിച്ചു (ലൂക്കൊസ് 11:1). ഉച്ചക്ക് പത്രൊസ് പ്രാർത്ഥിച്ചു (പ്രവൃത്തികൾ 10:9). എഫെസോസ് വിട്ടുപോകുമ്പോൾ അവിടുത്തെ മൂപ്പന്മാരുമായി ചേർന്ന് പൗലൊസ് പ്രാർത്ഥിച്ചു (പ്രവൃത്തികൾ 20:36). അവന്റെ അവിടുത്തെ ശുശ്രൂഷ പ്രാർത്ഥനയോടും കണ്ണുനീരോടും കൂടെ ആയിരുന്നു. പ്രാർത്ഥിച്ചപ്പോൾ സഭാമന്ദിരം കുലുങ്ങി (പ്രവൃത്തികൾ 4:31). എല്ലായിടത്തും പ്രാർത്ഥിപ്പാൻ പൗലൊസ് കൽപിച്ചു (1 തിമൊഥെയൊസ് 2:8). രാവും പകലും പൗലൊസിന്റെ സംഘം പ്രാർത്ഥിച്ചു (1 തെസലൊനികൃർ 3:10).

നമുക്കു സമയം ഉാകണം! മാർട്ടിൻ ലൂതർ പറഞ്ഞു, പ്രഭാതത്തിലെ എന്റെ ആദ്യ പ്രവർത്തി പ്രാർത്ഥനയാണ്, രാത്രിയിലെ എന്റെ അവസാന

പ്രവൃത്തിയും പ്രാർത്ഥനയാണ്. പകലിലെ താക്കോലും രാത്രിയിലെ പൂട്ടും ആണ് പ്രാർത്ഥന. പ്രാർത്ഥന സമയം ലാഭിക്കുന്നു എന്നും, ലൂതർ പറഞ്ഞിട്ടു്.

എന്റെ സമയഗം അനുസരിച്ചും ഇഷ്ടപ്രകാരവും മാത്രം പ്രാർത്ഥിക്കുന്നു എന്നതാണ് പ്രാർത്ഥനയിൽ എന്റെ ഏറ്റവും വലിയ തെറ്റ്. അത് തികച്ചും നിർണ്ണായകമായ തെറ്റു തന്നെയാണ്. നമുക്ക് ദൈവത്തിന്റെ സമയത്തും ദൈവ ത്തിന്റെ വാക്കുകളിലും മാത്രമെ പ്രാർത്ഥിക്കാവൂ! ദൈവം രാം സ്ഥാനം സ്വീകരിക്കുകയില്ല. അവൻ നമ്മുടെ ഉച്ഛിഷ്ടം സ്വീകരിക്കുകയില്ല. നമ്മുടെ തിരക്കുള്ള പ്രവർത്തന പദ്ധതികൾ ദൈവത്തെ പുറത്താക്കുന്നു. നമ്മിൽ അധികം പേരും ഓടിച്ചു പ്രാർത്ഥിക്കുന്നവരാണ്. ആ, രീതിയും, പരാജയമാ ണ്. ഓടിക്കൊ് ഒന്നും ശരിയായി ചെയ്യുവാൻ സാധ്യമല്ല. ക്രിസ്ത്യാനിത്വ ത്തിൽ മുഖ്യ ഘടകമായ സമയം അവശേഷിച്ച സമയമോ, വലിച്ചെറിയുന്ന സമയമോ അല്ല, ഗുണമുള്ള സമയമാണ്. ചിന്തക്കും, ധ്യാനത്തിനും, പ്രതിഫ ലനത്തിനും, ആദരവിനും വേത് തിരക്കില്ലാത്ത, തടസ്സമില്ലാത്ത സമയമാണ്! നിങ്ങളൊരു മൂങ്ങയാകാം; നിങ്ങളൊരു പൂവൻകോഴിയാകാം. നിങ്ങൾ എന്തു തന്നെയായാലും, ഒരു സമയം നിശ്ചയിച്ച് അത് പാലിക്കുക. വിവേചനം ചെയ്ത് എടുക്കേ ഒന്നല്ല പ്രാർത്ഥന; അത് തിങ്ങിനിറഞ്ഞിരിക്കുന്നു. ഇടയ്ക്കുവെച്ച് പറയട്ടെ, അതികാലത്തെഴുന്നേൽക്കുന്നതിന്റെ രഹസ്യം നേരത്തെ കിടക്കുന്ന താണ്. എഴുന്നേൽക്കാൻ പറ്റാത്ത ഒരാൾക്ക് ഒരിക്കലും വിജയിക്കുവാൻ കഴി യുകയില്ല!

പ്രാർത്ഥനാ ജീവിതം ആരംഭിക്കുന്നത് മാത്രമല്ല പ്രയാസം; അത് തുട രുന്നതിനും കൂടുതൽ പ്രയാസമാണ്. നാം ആരംഭിക്കുന്നു; എന്നാൽ നമ്മുടെ പതിവുകളെ തെറ്റിക്കും പിന്നെ അവസാനിപ്പിക്കും. നാം ഇടവിടാതെ ഭക്ഷി ക്കുന്നു; ഇടവിടാതെ നാം പ്രാർത്ഥിക്കുകയും വേണം. സുഗമമായ സമയങ്ങ ളിൽ നടത്തുന്ന ഉറച്ച പ്രാർത്ഥന കൊടുങ്കാറ്റുകളെ നേരിടുവാൻ ഒരാളെ പ്രാപ്തനാക്കും. കൊടുങ്കാറ്റിനുമുൻപ് നിങ്ങൾ പ്രാർത്ഥിച്ചിട്ടില്ലെങ്കിൽ, കൊടു ങ്കാറ്റി (പ്രതിസന്ധി) നിടയിൽ പ്രാർത്ഥിക്കുമ്പോൾ വൈകിപ്പോയേക്കാം. പ്രാർത്ഥിക്കേ ആവശ്യം വരുന്നതുവരെ പ്രാർത്ഥിക്കുവാൻ കാത്തിരിക്കരു ത്! പ്രാർത്ഥന ഒരു ശീലമാക്കണം എന്നാൽ അതിനെ ഒരിക്കലും വെറുമൊരു ശീലമാക്കി ചുരുക്കരുത്.

ദാവീദ് ദിവസത്തിൽ ഏഴു പ്രാവശ്യം ദൈവത്തെ സ്തുതിച്ചിരുന്നു (സങ്കീർത്തനം 119:164). അവൻ അക്ഷരാർത്ഥത്തിൽ പകൽ ഉടനീളം പ്രാർത്ഥി ച്ചു. ദിവസം ദൈവത്തോടുകൂടെ ആരംഭിച്ച്, പുകഴ്ത്തിക്കൊരിക്കുകയും, പിന്നെ ദൈവവുമായിട്ട് ദിവസം അവസാനിപ്പിക്കുകയും ചെയ്തു. സ്നേഹി തർക്കു സമയം വേണം; പ്രാർത്ഥനക്ക് സമയം വേണം. നിങ്ങൾ രാത്രി മുഴു വൻ പ്രാർത്ഥിച്ചിട്ടുേേടാ? ഒരു മണിക്കൂർ? ദിവസേന? *ചോദ്യം:* നിങ്ങളുടെ പ്രവർത്തികൾ എങ്ങനെപോകുന്നു? പ്രാർത്ഥനാ ദിവസങ്ങൾ യാദൃശ്ചികമായി സംഭവിക്കുന്നതല്ല. അതു സംഭവിക്കുമാറാക്കണം. യഥാർത്ഥ പ്രാർത്ഥന നാം മുട്ടുകുത്തുമ്പോൾ തുടങ്ങുകയോ എഴുന്നേൽക്കുമ്പോൾ അവസാനിക്കു കയോ ചെയ്യുന്നില്ല. *ആദ്യം പ്രാർത്ഥിക്കുക!*

### ഒരു സ്ഥലം

പ്രാർത്ഥന ഒരു സമയവും സ്ഥലവും ആവശ്യപ്പെടുന്നു. യേശുവിന് ഗദ്ശെ മന ഉായിരുന്നു. അവൻ പർവ്വതങ്ങൾ ഉപയോഗിച്ചിരുന്നു. അവൻ രഹസ

ൃപ്രാർത്ഥന കൽപ്പിച്ചിരുന്നു (മുറിക്കകത്ത്; മത്തായി 6:6). അടുത്ത കാലത്തു ആഢംബരത്തിൽ വന്നിട്ടുള്ള പ്രാധാന്യത്തെ സൂചിപ്പിക്കുന്നതാണ് ഹൗസ് ക്ലോസെറ്റുകൾ. യേശുവിന്റെ സമയത്തുായിരുന്ന ചെറിയ, ഒറ്റ മുറി വീടുകൾക്ക് അതൊന്നും ഇല്ലായിരുന്നു. യെഹൂദ പുരുഷന്മാർ ഒരു ആവരണ കുപ്പായം ധരിച്ചിരുന്നു (പ്രാർത്ഥനാഷാൾ). (സംഖ്യാപുസ്തകം 15:37-41 നോക്കുക.) ഒരു യെഹൂദനു ആവരണം കൊു അവന്റെ തല മൂടി മുറിയിൽ രഹസ്യമായി പ്രാർത്ഥിക്കുവാൻ കഴിഞ്ഞിരുന്നു. ചരിത്രം പറയുന്നത് ഇംഗ്ലിലെ വെസ്‌ലി ബോയ്‌സിന്റെ അമ്മ (പത്തൊൻപതു മക്കളോടുകൂടെ) ദിവസവും പ്രാർത്ഥിക്കുവാൻ സമയമെടുത്തിരുന്നു എന്നാണ്. അവൾ തന്റെ കസേരയിൽ ഇരുന്ന്, അവളുടെ മേൽ വസ്ത്രത്തിന്റെ ഒരറ്റം വലിച്ചു തലയിലിട്ട്, പ്രാർത്ഥിച്ചു. ആ സമയത്തെ ബഹുമാനിക്കുവാൻ പഠിപ്പിച്ചുകൊാണ് കുട്ടികളെ വളർത്തിയിരുന്നത്. നമുക്ക് ഒരു സമയവും ഒരു സ്ഥലവുമില്ലെങ്കിൽ, നാം പ്രാർത്ഥിക്കുകയില്ല. നഥനയേലിന് ഒരുപക്ഷെ ഒരു അത്തിവൃക്ഷമുായിരുന്നു (യോഹന്നാൻ 1:48). ശാന്തമായ സമയത്തിന് ശാന്തമായ ഒരു സ്ഥലം ആവശ്യമാണ്. ഒരു പ്രത്യേക സമയവും പ്രത്യേക സ്ഥലവും എന്ന ക്രമത്തിൽ സമയത്തിനും സ്ഥലത്തിനും ഒരു പതിവുാക്കണം. എവിടെയെങ്കിലും പ്രാർത്ഥിക്കുന്നത് ഒരിടത്തും പ്രാർത്ഥിക്കാതിരിക്കുന്നതിലേക്ക് എളുപ്പത്തിൽ നീങ്ങും; ഏതെങ്കിലും സമയത്ത് പ്രാർത്ഥിക്കൽ ഒരു സമയത്തും പ്രാർത്ഥിക്കാതിരിക്കുന്നതായി എളുപ്പത്തിൽ മാറും. നാം അതു ചെയ്യുവാൻ ആഗ്രഹിക്കണം; നാം അതു ചെയ്യുവാൻ തീരുമാനിക്കണം; പിന്നെ നാം അതു ചെയ്യണം. നാം പ്രാർത്ഥിക്കുന്നില്ലെങ്കിൽ, സത്യസന്ധമായി നാം അതു തീരുമാനിച്ചില്ല എന്ന് തീർച്ചപ്പെടുത്താം. പലരും അവരുടെ തിരക്കുള്ള പ്രവൃത്തികളുടെ സമയം നിമിത്തം പ്രാർത്ഥിപ്പാൻ സമയം ലഭിക്കുന്നില്ല എന്നു വാദിക്കും. പ്രാർത്ഥന നിമിത്തം ജോലി ചെയ്യുവാൻ സമയം കിട്ടാത്ത ആരെയെങ്കിലും നിങ്ങൾക്കറിയാമോ? ഏറ്റവും പ്രായോഗികമായി ചെയ്യാവുന്ന ഒന്നാണ് പ്രാർത്ഥന.

പ്രാർത്ഥിക്കുവാൻ ഒരു സ്ഥലം ഉാവുക എന്നാൽ നമുക്ക് ആ സ്ഥലത്തെ വിശുദ്ധമാക്കുകയാണ്. ഈ ലോകത്ത് വിശുദ്ധമായി അപൂർവ്വം കാര്യങ്ങൾ ു്. വിശുദ്ധമായ മണിക്കൂറുകളും വിശുദ്ധമായ സ്ഥലങ്ങളും നാം രൂപപ്പെടുത്തണം. ശേഷിച്ച സമയമല്ല, മുഖ്യ സമയം ദൈവത്തിനുള്ളതായിരിക്കണം. വൃത്തിയുള്ള ഒരു സ്ഥലവും ദൈവം ആവശ്യപ്പെടുന്നു. അത്തരത്തിൽ ഒന്ന് കത്തെുക. കാറിൽ പ്രാർത്ഥിപ്പാൻ എനിക്കിഷ്ടമാണ്. ഞാൻ അധികവും യാത്ര ചെയ്യുന്നതുകൊു, വിമാനങ്ങളും യാത്രക്കാർക്കുള്ള ഹോട്ടലുകളും പ്രാർത്ഥിപ്പാൻ ഏറ്റവും പറ്റിയ സ്ഥലമായി കാണുന്നു. എങ്ങനെയായാലും, ഞാൻ വീട്ടിൽവെച്ച് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. പ്രാർത്ഥന മരണത്തിനുവേിയുള്ള ഒരുക്കമാണ്. അത് സ്വയേ-ച്ഛയെ മരിപ്പിക്കുന്നു, ദൈവത്തെ കളിയായി കണക്കാക്കുന്നതും ഇല്ലാതാക്കുന്നു. നാം പ്രാർത്ഥിക്കുമ്പോൾ, സമയത്തിനും, നമ്മുടെ ആഗ്രഹങ്ങൾക്കും, നമ്മുടെ കഠിനമായ ഇച്ഛകൾക്കും വിരാമമിടുന്നു. ഏതൊരു ദിവസത്തിലും നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും സുപ്രധാനമായ കാര്യം പ്രാർത്ഥിക്കുക എന്നതാണ്.

**അവസ്ഥ**

അവസ്ഥ പ്രാർത്ഥനയിൽ ഒരു മുഖ്യ ഘടകമല്ല, എന്നാൽ അതിന് ഒരു

പ്രധാന പങ്കു്. ദൈവപുരുഷന്മാർ മുട്ടിന്മേൽ നിന്നിട്ടു്, തല കുനിച്ചു സാഷ്ടാംഗം വീണിട്ടു്, അവരുടെ തലകൾ കുനിച്ചിട്ടു്, വിറെച്ചിട്ടു്, നിൽക്കുകയും, അവരുടെ വിശുദ്ധകൈകൾ ഉയർത്തുകയും ചെയ്തു പ്രാർത്ഥിച്ചിട്ടു്. ഇവയിൽ മിക്കതും യേശു ചെയ്തിട്ടു്. അവസ്ഥ പ്രാർത്ഥനയുടെ മനോഭാവത്തെ സഹായിക്കുന്നതും പ്രഖ്യാപിക്കുന്നതുമാണ്; മനോഭാവം അവസ്ഥയെ നിർണ്ണയിക്കുന്നു. മുട്ടിന്മേൽ നിൽക്കൽ കീഴ്പ്പെടലാണ് ... നിൽക്കുക എന്നാൽ സന്തോഷിക്കുകയാണ്. പുരുഷന്മാർ തങ്ങളുടെ വിശുദ്ധ കൈകൾ ഉയർത്തി പ്രാർത്ഥിച്ചിരുന്നു (1 തിമൊഥെയൊസ് 2:8). ഊന്നൽ നൽകുന്നത് കൈകൾ ഉയർത്തുന്നതിലല്ല, വിശുദ്ധിക്കാണ്. ദൃഷ്ടാന്തപരമായി, ഇത് അർത്ഥമാക്കുന്നത് വിശുദ്ധിയുള്ള ജീവിതം നയിക്കുന്നവരിൽ നിന്നേ ആത്മാർ ത്ഥമായ പ്രാർത്ഥന ഉാകുന്നുള്ളൂ എന്നാണ്. പലരും ഒരുപക്ഷെ ക്ഷീണിച്ചിരിക്കയാണ്. കണ്ണടച്ച് തലകുനിച്ചു പ്രാർത്ഥിപ്പാൻ നാം കുട്ടികളെ പഠിപ്പിക്കുന്നു. എല്ലാവരും പ്രാർത്ഥനക്ക് കുനിഞ്ഞിരിക്കുമ്പോൾ, ആമേൻ പറയുന്നവർ സഭയിലുള്ളത് സാധാരണയാണ്. ദൈവം മോശെയോടു പറഞ്ഞു, നീ നിൽക്കുന്ന ഭൂമി വിശുദ്ധമാകയാൽ, നിന്റെ കാലിലെ ചെരിപ്പ് അഴിച്ചുമാറ്റുക (പുറപ്പാട് 3:5).

അവസ്ഥക്ക് അതിന്റേതായ സ്ഥാനമു്! ആരാണ് യജമാനൻ എന്ന് അത് നമ്മെ ഓർമ്മിപ്പിക്കുന്നു. അതു പ്രാർത്ഥിക്കുന്നതിനു പകരം പ്രാർത്ഥനയെ കുറിച്ചു പ്രസംഗിക്കുന്നതിൽ നിന്ന് നമ്മെ തടയും. അത് മറ്റൊന്നിലേക്ക് മനസ്സിനെ ആകർഷിക്കുന്നത് ഇല്ലാതാക്കും. നാം മുട്ടിൻമേൽ നിൽക്കുമ്പോൾ നമുക്കു ര് മഹത്തായ മാർഗ്ഗങ്ങൾ ഉപയോഗിക്കുവാൻ കഴിയും: (1) പ്രാർത്ഥനയും (2) തുവർത്തും.

അവസ്ഥയിൽ ശരീരവും ഉൾപ്പെടുന്നു. സമയമെടുത്ത് ചിന്തിക്കുക. അവസാനം നാം ദൈവത്തിന് നൽകുന്ന ഒന്നാണ് ശരീരം. നാം ആത്മാവിനെയും, മനോഭാവത്തെയും കുറിച്ചു പറയുന്നു. ശരീരത്തെ നാം അവഗണിക്കുന്നു. അതിന് ഒട്ടും പ്രാധാന്യമില്ലാത്തതായി നാം ചിന്തിക്കുന്നു. അവസ്ഥ നമ്മെ അസൗകര്യത്തിലും, താഴ്മയിലും ആക്കുന്നു. ആരാണ് മുട്ട് ഇടിക്കുവാനാഗ്രഹിക്കുന്നത്? മുറിക്കുള്ളിൽ എപ്പോഴും ഇരുന്ന് പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നത് ആരാണ്? യേശുവിനു കീഴ്പ്പെടുത്തുവാൻ നാം അനുവദിക്കുന്ന അവസാന അഭയസ്ഥാനമായിരിക്കാം ശരീരം. നിങ്ങളുടെ ശരീരത്തിന്മേ ലുള്ള എല്ലാ അധികാരവും നിങ്ങൾ ദൈവത്തിനു നൽകിയിട്ടുോ?

**ഒരുക്കം**

ബൈബിളിലെ പ്രമുഖർക്ക് പ്രാർത്ഥിക്കുവാൻ സമയവും, സ്ഥലവും, കാരണങ്ങളും ഉായിരുന്നു. പൗലൊസിന് തന്റെ ശൂലമുായിരുന്നു. യേശുവിന് അവന്റെ പാനപാത്രം ഉായിരുന്നു. മോശെക്ക് തന്റെ പാപമുള്ള ദേശമുായിരുന്നു. അർത്ഥശൂന്യമായ അല്ലെങ്കിൽ അല്പപ്രാർത്ഥന നിമിത്തം സഹോദരന്മാർ നിർജീവരും സഭകൾ നിശ്ചലവുമായിരിക്കുന്നു. പ്രാർത്ഥന വീടെടുക്കുക, നിങ്ങൾക്ക് സഭയെ യഥാസ്ഥാനത്താക്കുവാൻ സാധിക്കും! നിങ്ങൾക്ക് ഒന്നും പറയുവാൻ ഇല്ലെങ്കിൽ, പിന്നെ ഒന്നും പറയാതിരിക്കുക! ശ്രദ്ധിക്കുവാനും, നിശബ്ദരായിരിപ്പാനും, ശാന്തരായിരിപ്പാനും ഒരു സമയമു ്. ശ്രദ്ധിക്കുന്നതിനേക്കാൾ സംസാരിക്കുന്നത് എളുപ്പമാണ്; ശാന്തരായിരിക്കുന്നതിനേക്കാൾ എളുപ്പമാണ് സംസാരിക്കുന്നത്. പ്രാർത്ഥനക്ക് യോജിച്ച

ഒരു സമയം ഉാകണം. ഒന്നുമില്ലായ്മയിലേക്ക് നിങ്ങൾ ഉന്നം വെച്ചാൽ, നിങ്ങൾ പതിക്കുന്നതും അതിലായിരിക്കും. പ്രാർത്ഥനക്ക് ഒരു ഉദ്ദേശവും ലക്ഷ്യവും ഉായിരിക്കണം. സ്വമനസ്സാലെയുള്ള പ്രാർത്ഥന അത്യാഹ്ളാദം നൽകിയേക്കാം, എന്നാൽ അതു സ്ഥിരമായിരിക്കുക എന്നത് വിരളമാണ്. കൂടുതൽ സന്തോഷകരമായ അവസ്ഥ വളരെ മൂല്യമുള്ളതാണ്. പ്രാർത്ഥിക്കുവാൻ വിഷമം നേരിടുമ്പോൾ, വിഷമകരമായി പ്രാർത്ഥിക്കുക.

ഒരു പട്ടിക തയ്യാറാക്കുക. നാം എന്തുകൊ് ഇതു ചെയ്യുന്നില്ല? നാം ധാരാളം നോട്ടുകൾ പ്രസംഗങ്ങൾക്കും, ക്ലാസുകൾക്കും, മറ്റും തയ്യാറാക്കും. നമുക്ക് രോഗം വരുമ്പോൾ, ഡോക്ടറോടു ചോദിക്കേ ചോദ്യങ്ങൾ എല്ലാം നാം എഴുതിവയ്ക്കും. എന്തെങ്കിലും മറന്നുപോകാൻ നമ്മൾ ആഗ്രഹിക്കുന്നില്ല. അപ്പോൾ പിന്നെ ദൈവത്തോടു സംസാരിക്കുമ്പോൾ എഴുതി ലിസ്റ്റു തയ്യാറാക്കുന്നതിൽ എന്താണു തെറ്റ്? ബാലിശമായ അപേക്ഷകൾ ആ ലിസ്റ്റിൽ എഴുതാവുന്നതല്ല! *ഒരു ലിസ്റ്റ് ഉാക്കുക!* പിന്നെ അതു വായിക്കുക. ദാവീദിന്റെ സങ്കീർത്തനങ്ങൾ വായിക്കുക. അത് യെഹൂദന്മാരുടെ സ്തുതിഗീതം മാത്രമായിരുന്നില്ല, എന്നാൽ അത് യെഹൂദന്മാരുടെ പ്രാർത്ഥനാ പുസ്തകവും ആയിരുന്നു. ദാവീദ് തന്റെ ലിസ്റ്റ് എടുത്തു ദൈവത്തോടു സംസാരിച്ചു. പ്രാർത്ഥനയെ സംബന്ധിച്ചുള്ള ഏറ്റവും നല്ല പഠനമാണ് സങ്കീർത്തന പുസ്തകം. ഒരു വലിയ പ്രാസംഗികനോട് ഇത്രയും ചെയ്യുവാൻ താങ്കൾക്ക് കഴിഞ്ഞതെങ്ങനെ എന്നു ചോദിക്കുകയുായി. അത് എന്റെ പ്രാർത്ഥനാ ലിസ്റ്റു കാരണം എന്നാണ് അയാൾ ലളിതമായി മറുപടി നൽകിയത്. പ്രധാനപ്പെട്ട കാര്യങ്ങൾ എല്ലാം ആ ലിസ്റ്റിൽ ഉായിരുന്നു.

പ്രായം പ്രാർത്ഥനയെ എളുപ്പമാക്കുന്നില്ല. ഇരുപത്തി-മൂന്ന് വയസ്സിൽ ക്രിസ്തുവിനുവേി ജീവിക്കുന്നതിനേക്കാൾ എളുപ്പമല്ല അറുപത്തി-മൂന്നു വയസ്സിൽ ക്രിസ്തുവിനുവേി ജീവിക്കുക എന്നത്. സ്ഥാനവും പ്രാർത്ഥനയെ എളുപ്പമാക്കുന്നില്ല. നിങ്ങൾ ടെക്സാസിലെ, ഡള്ളാസിൽ പ്രാർത്ഥിക്കുന്നില്ലെങ്കിൽ, ഒരുപക്ഷെ നിങ്ങൾ ടെന്നസിയിലെ, നാഷ്വില്ലയിലും പ്രാർത്ഥിക്കുകയില്ല. ഒരു ഉപദേഷ്ടാവായിരിക്കുന്നതുകൊ് പ്രാർത്ഥന എളുപ്പമാകുന്നുമില്ല! ഒരിക്കലും പ്രാർത്ഥിക്കുവാൻ എളുപ്പമുള്ള സമയവും ഇല്ല!

**പൗലൊസിന്റെ പ്രാർത്ഥനാജീവിതം**

പൗലൊസ് റോഡിലൂടെ നടന്നുവരുന്നതുകാണുകയാണെങ്കിൽ നാം അവനെ തിരിച്ചറിഞ്ഞെന്നുവരില്ല. നമ്മെ സംബന്ധിച്ച്, പൗലൊസ് എന്ന വാക്ക് സൂചിപ്പിക്കുന്നത് നേട്ടവും, വിജയവും, പ്രവർത്തികളുമാണ്. പൗലൊസിന്റെ ശക്തി പ്രാർത്ഥനയായിരുന്നു. ഇടവിടാതെ പ്രാർത്ഥിക്കുക. പൗലൊസ് പ്രസംഗിച്ചതു പരിശീലിച്ചിരുന്നു. അവന്റെ പ്രാർത്ഥനകൾ അവനു ദൈവവുമായിട്ടുായിരുന്ന ബന്ധത്തിനു പ്രാധാന്യം നൽകിയിരുന്നു. പൗലൊസിന്റെ പ്രാർത്ഥനകൾ അവന്റെ സഹോദരന്മാരുമായുള്ള ബന്ധത്തിനു പ്രാധാന്യം നൽകിയിരുന്നു. അവൻ സഹോദരന്മാർക്കുവേി പ്രാർത്ഥിച്ചു; അവൻ തനിക്കുവേി പ്രാർത്ഥിപ്പാൻ അവരോടു അപേക്ഷിച്ചു.

നമ്മുടെ പ്രാർത്ഥനാ ലിസ്റ്റുകൾ അവന്റേതുപോലെയായിരിക്കണോ, അല്ലെങ്കിൽ അതു നമ്മുടെ സാധനങ്ങൾ വാങ്ങുന്ന ലിസ്റ്റുപോലെയുള്ളതാണോ? എഫെസ്യർ 3:14-21 പറയുന്നു,

അതുനിമിത്തം, ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള, സകല കുടുംബ ത്തിന്നും പേർ വരുവാൻ കാരണമായ, പിതാവിന്റെ സന്നിധിയിൽ മുട്ടു കുത്തുന്നു, അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന്ന് ഒത്തവണ്ണം, അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേതിന്നും; ക്രിസ്തു വിശ്വാസത്താൽ നിങ്ങ ളുടെ ഹൃദയങ്ങളിൽ വസിക്കേതിന്നും വരം നൽകേണം എന്നും; നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി, വീതിയും നീളവും ഉയരവും ആഴവും എന്ത് എന്നു സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും, പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും, പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറ വിനോളം നിറഞ്ഞുവരികയും വേണം, എന്നും പ്രാർത്ഥിക്കുന്നു.

എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പര മായി ചെയ്‌വാൻ, നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു, സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹ ത്വം ഉാകട്ടെ. ആമേൻ.

ആഴത്തിൽ ഈ പ്രാർത്ഥന പഠിക്കുക. അത് ഞായറാഴ്ച്ച സാധാരണ നാം കേൾക്കാറുള്ളതുപോലെ തോന്നുകയില്ല. പൗലൊസ് ദൈവത്തെ അറിയുവാനും, നിർണ്ണായക സത്യത്തെ ഗ്രഹിച്ചറിയുവാനും ആഗ്രഹിച്ചു. അവൻ (1) ആത്മാവിനാൽ അകത്തെ മനുഷ്യനെ ശക്തിപ്പെടുത്തേണമേ, (2) നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസത്താൽ ക്രിസ്തു വസിക്കേണമേ, (3) ക്രിസ്തുവിന്റെ സ്നേഹം ഗ്രഹിക്കേണമേ, (4) ദൈവത്താൽ നിറയപ്പെടേണമേ എന്നും പ്രാർത്ഥിച്ചു!

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***